കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വണ്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി18/2292/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

പാലക്കാട്

ഇ-മെയിൽ - auditlfdopkd@gmail.com

വെബ് -www.lfa.kerala.gov.in

ഫോൺ 04912520145

തീയതി-28-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വണ്ടാഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വണ്ടാഴി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം കെ എസ് എ-പികെഡി18/2292/16

തിയ്യതി:28.12.2016

## പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 1.5.16മുതൽ 31 .5.16)- 0 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 8.8.16ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 1.6.16 മുതൽ 30.6.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകൊളാന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും സെപ്തംബർ മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശാധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|
| സാംഖ്യ രസീതുകൾ 11502101793 മുതൽ 11507102251വരെ - 458എണ്ണം | ആകെ 8459 (8.8.15മുതൽ 8.11.16വരെ) |
| മാനവൽ രസീതുകൾ -20 | ആകെ 20 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത

വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

| | |
|---|---|
| വിസ്തീർണ്ണം | 56.70 ച.കി.മീ |
| വാർഡുകൾ | 19 |
| ജനസംഖ്യ | 36253 |
| പുരുഷൻ | 17764 |
| സ്ത്രീ | 18489 |
| പട്ടികജാതി | 6528 |
| പട്ടികവർഗ്ഗം | 105 |
| ബ്ലോക്ക് | നെന്മാറ |
| നിയമസഭാ മണ്ഡലം | ആലത്തൂർ |
| താലൂക്ക് | ആലത്തൂർ |

ആകെ ജീവനക്കാരുടെ എണ്ണം- 26

സ്ഥിരം- 16

താൽക്കാലികം-5

കരാറടിസ്ഥാനത്തിൽ -5

ആകെ -26

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | എൻ.എൻ.മുരളീധരൻ | അസി.ഓഡിറ്റ് ഓഫീസർ |
| 2 | സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ഫസീല.കെ.എ. | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.വി.കൃഷ്ണൻ | 01-04-2015 മുതൽ വരെ |
| | ശ്രീമതി.സുമാവലി മോഹൻദാസ് | മുതൽ 31-03-2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | 1-04-2015 മുതൽ 31-03-2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എം.എസ്.സിനീഷ് | 01-04-2015 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ഉല്ലാസ് തോമസ് | 1-4-2015മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീജിഷ | 01-04-2015മുതൽ 31-03-2016 വരെ |
| വി.ഇ.ഒ-I | ശ്രീമതി .അംബികാവതി | 1-4-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ-II | ശ്രീ.സുജേഷ് | 1-4-2015 മുതൽ 31-03-2016 വരെ |
| പ്രധാനാധ്യാപിക | ശ്രീമതി.ഓമന.കെ.എ | 01-04-2015 മുതൽ 24.11.15 വരെ |
| | ശ്രീമതി.ലോഹിതാക്ഷി.പി.എം | 25.11.15 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.ജയലക്ഷ്മി.ആർ | 01-04-2015 മുതൽ 31.3.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ജയപ്രകാശ് | 1-4-15 മുതൽ 23-9-15 വരെ |
| | ശ്രീമതി.റജീന ജോർജ്ജ് | 23-9-15 മുതൽ 31-03-16 വരെ |
| അസി.സെക്രട്ടറി | ശ്രീ.സക്കീർ ഹുസൈൻ | 01-04-2015 മുതൽ 8-09-15വരെ |
| | ശ്രീ.കെ.എ ഫൈസൽ അഹമ്മദ് | 9-9-15 18-01-16 |
| | ശ്രീ.കെ.ജി.സജീവ് കുമാർ (i/c) | 19-01-16 3-02-16 |
| | ശ്രീ. ബാഹുലേയൻ (i/c) | 4-2-16 31-03-16 |
| അസി.എഞ്ചിനീയർ | ശ്രീമതി.ത്രേസ്യ.പി.സി | 01-04-2015 മുതൽ 8-09-15വരെ |
| | | 9-09-2015 മുതൽ 31.3.2016വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 1/17.3.2015 | 1(A)1/27.1.2016 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 27959100 |
| വരവ് | 48972283 |
| ആകെ | 76931383 |
| ചെലവ് | 64969979 |
| നീക്കിബാക്കി | 11961404 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

<u>പ്രകാരം)</u>

| ഫണ്ടിനം | മുൻ ബാക്കി | വരവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ഉൾപ്പെടെ) | ആകെ തുക | ചെലവ് തുക | ട്രഷറി യിലേക്ക് തിരിച്ചടച്ച തുക | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3579003 | 10792958 (Consolidated Fund Allottment) + 6597316 (#) (T.C ) | 20969277 | 13875717 (*) | 8854299 (1760739രൂപ tax effort ഉൾപ്പെടെ ) | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 5022712 | 9779000 | 14801712 | 10949540 (**) | 3852172 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 71000 | 71000 | 71000 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 524111 (213375 transferred to M G Non-road) | 7293000 | 7817111 | 7575790 (***) | 27946 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 308349+ 213375 | 3434000 | 3742349 | 2440772 (****) | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 3502949 | 5137247 | 8640196 | 8286643 (*****) | 353553 | 0 |
| ലോക ബാങ്ക് സഹായം | 3534000 | 0 | 3534000 | 3290966 | 243034 | 0 |

(#) ട്രാൻസ്ഫർ ക്രെഡിറ്റ് 6597316 = 1185801( SCP )+1877515 (C F C ) + 3534000 (KLGSDP)

(*) O.B + 6597316(T.C )+3699398(Actual receipt from consolidated Fund )

(**) 7112629 (Actual receipt from consolidated Fund )+3836911 (expenditure from O B )

(***) 7265054 (Actual Consolidated Fund Receipt) + 310736 (expenditure from O B )

(****) 1919048 (Actual Consolidated Fund Receipt) + 521724 (O B )

(*****) 4240117 (Actual receipt from consolidated Fund )+ 4046526 (expenditure from O B including receipt of Rs 2421092 on 5-08-15)

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 176 | 136 | 19 | 21 | 88 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 4208244 | 1756350 | 42 |
| വെറ്ററിനറി സർജ്ജൻ | 3 | 2 | 549760 | 400000 | 73 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്. സി) | 2 | 1 | 1059822 | 398861 | 38 |
| മെഡിക്കൽഓഫീസർ (ഹോമിയോ) | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ -I | 5 | 4 | 2825000 | 1835000 | 53 |
| വി.ഇ.ഒ -II | 5 | 3 | 3482467 | 1977275 | 57 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 4495948 | 2192024 | 49 |
| സെക്രട്ടറി | 24 | 6 | 5581139 | 3500945 | 63 |
| എച്ച്.എം | 4 | 4 | 729500 | 726577 | 99 |
| അസി.എഞ്ചിനീയർ | 108 | 102 | 36528040 | 29914334 | 82 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4420367 | 3432800 | 987567 | 22.34 |
| നികുതിയേതര വരവുകൾ | 1349647 | 1326173 | 23474 | 1.73 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | - | - | - | - |
| ആകെ | 5770014 | 4758973 | 1011041 | 17.52 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 16 | 16 | 7 | -- |
| 2 | തൊഴിൽ രഹിത വേതനം | 34 | 26 | 8 | - |
| 3 | വിധവാ പെൻഷൻ | 216 | 174 | 42 | - |
| 4 | വികലാംഗ പെൻഷൻ | 29 | 23 | 6 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 30 | 20 | 10 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 828 | 637 | 191 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.16 ന് 3.30 pmന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 32808/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14.10.16 | 2016 സെപ്റ്റംബർ വരെ | ലഭിച്ചിട്ടില്ല. | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 21.11.11 മുതൽ 3.3.11വരെ | 2005-06മുതൽ 2009-2010വരെ | 8.4.11 | - |

## 1-11 അനുബന്ധ പത്രിക

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ അപൂർണ്ണമായതിനാൽ 2008 മുതൽ 2012 വരെ കാലയളവിൽ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ എണ്ണം, മേൽ കെട്ടിടങ്ങളിൽ നാളിതു വരെയായി പൂർത്തീകരണ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണയം നടത്തിയ കെട്ടിടങ്ങളുടെ എണ്ണം, അവയിൽ കാലാവധിക്കു ശേഷം പെർമിറ്റ് പുതുക്കിയവയുടെ എണ്ണം തുടങ്ങിയ വിവരങ്ങളോ അവയ്ക്കു മേൽ നിയമ പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളോ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 20-06-2007ലെ 24136/ആർ.എ1/2007/തസ്വഭവ സർക്കുലറിലെ അനുബന്ധം ഒന്നിൽ നിർദ്ദേശിച്ച പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ കൃത്യമായി ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. 02-12-2015ലെ 12900/ആർ.എ1 /2015/തസ്വഭവ സർക്കുലറിലും ഇക്കാര്യം നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസൃതം രജിസ്റ്ററുകൾ പരിപാലിക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ

എ) 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(a), പട്ടിക II പ്രകാരം വില്ലേജ് പഞ്ചായത്ത് കാറ്റഗറി II ൽ ഉൾപ്പെട്ട കെട്ടിടങ്ങളിലെ ഷട്ടറുകൾക്ക് ഓരോന്നിനും 100 രൂപ പെർമിറ്റ് ഫീ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററുകളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികളുടെ പെർമിറ്റിനായുള്ള അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ കാണിച്ചിട്ടുള്ള ഷട്ടറുകൾക്ക് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥൻ | കെട്ടിട ഇനം | പെർമിറ്റ് നമ്പർ / തിയതി | ഷട്ടറുകളുടെ എണ്ണം | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ഷബീർ അബ്ദുൾ വഹാബ് | വാണിജ്യം | 151/15-16 | 12 | 1200 |
| 2 | സാജു വർഗ്ഗീസ് | വാണിജ്യം | 167/15-16 | 12 | 1200 |
| 3 | അബിൻ സെബാസ്റ്റ്യൻ | വാണിജ്യം | 111/15-16 | 18 | 1800 |
| 4 | ഷംസുദ്ദീൻ | വാണിജ്യം | 637/15-16 | 2 | 200 |
| 5 | വിഷ്ണുദാസ് | വാണിജ്യം | 28/14-15 | 10 | 1000 |
| 6 | ഷാജി മോൾ അബ്ദുൾ ഹക്കീം | വാണിജ്യം | 253/15-16 | 7 | 700 |
| ആകെ | | | | | 6100 |

ബി)താഴെ പറയുന്ന വ്യക്തികളുടെ പെർമിറ്റിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ പെർമിറ്റ് ഫീസ് കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത് എന്ന് കണ്ടെത്തി. വാണിജ്യ ആവശ്യത്തിനുള്ള കെട്ടിങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നിരക്കിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥൻ | പെർമിറ്റ് നം | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഷബീർ അബ്ദുൾ വഹാബ് | വാണിജ്യം 151/15-16 | 168.65x5=843 | 506 | 337 |
| 2 | സാജു വർഗ്ഗീസ് | 167/15-16 | 138.80x5= 694 | 417 | 277 |
| 3 | വിഷ്ണുദാസ് | 28/14-15 | 107x5=537 | 323 | 212 |
| ആകെ | | | | | 826 |

826+6100 = 6926 രൂപ വരവ് നഷ്ടം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ പരിഹരിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 2-3 വസ്തുനികുതി -അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) ചില കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | കെട്ടിടത്തിന്റെ / ഉടമസ്ഥന്റെ പേര് | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം (m2) |
|---|---|---|---|
| 1 | വില്ലേജ് ഓഫീസ്, തഹസിൽദാർ ആലത്തൂർ | 15/117 | 92 |

ബി)ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർ നിർണ്ണയിച്ചതിലെ അപാകതകൾ

ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥ ചെയ്യാതിരുന്നിട്ടും, അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിച്ചതിന്റെ ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട | കെട്ടിട ഉടമ | വിസ്തീർണ്ണം | പഴയ നികുതി | അനർഹമായി പരിമിതപ്പെടുത്തി |
|---|---|---|---|---|---|

| | നം | | $m^2$ | | നിശ്ചയിച്ച നികുതി (പഴയ നികുതി + 150 % വർദ്ധനവ്) |
|---|---|---|---|---|---|
| 1 | 3/459 | തഹസിൽദാർ, വില്ലേജ് ഓഫീസ്, മുടപ്പല്ലൂർ | 30 | 212 | 530 |
| 2 | 4/438 | സിയാദ് കെ.പി, കുന്നത്താൻ ഹൗസ് | 20 | 82 | 205 |
| 3 | 4/480 | കോമളവല്ലി, | 12 | 39 | 98 |
| 4 | 12/93 | എ.ഇ.ഇറിഗേഷൻ | 24 | 11 | 28 |
| 5 | 12/410 | ആലത്തൂർ വില്ലേജ് ഓഫീസ്, മംഗലം ഡാം | 32 | 228 | 570 |
| 6 | 12/423 | വർഗ്ഗീസ്.കെ.വി | 92 | 39 | 98 |
| 7 | 14/541 | ജേക്കബ് ആന്റണി | 24 | 26 | 65 |
| 8 | 18/451 | പ്രസിഡണ്ട്, എൻ.എസ്.എസ് കരയോഗം | 150 | 11 | 28 |

സി)ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നം | ഉടമസ്ഥൻ | വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരമുള്ള ഉപയോഗ ക്രമം | യഥാർത്ഥ ഉപയോഗം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 3/528 | സെക്രട്ടറി, പനംചക്കര സൊസൈറ്റി | വ്യവസായ ആവശ്യത്തിനുള്ളവ- കൈത്തറി ഷെഡ്, കയർപിരി ഷെഡ്. | ഓഫീസ് | 280 | 14x40= 560 | 280 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികൾ അനുവദനീയമായ സമയപരിധി കഴിഞ്ഞ് പൂർത്തീകരിച്ചിട്ടുള്ളതിന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയതായി കാണുന്നില്ല. ജി.ഒ(പി) നം.84/97/പി.ഡബ്ലിയു.&ഡി, തിയ്യതി:19.8.1987 പുതുക്കിയ പി.ഡബ്ലിയു.ഡി കോഡ് & മാന്വൽ പ്രകാരം അപ്രതീക്ഷിതമായ സാങ്കേതിക കാരണങ്ങളാലോ വകുപ്പ് തലത്തിലുള്ള വൈകൽ മൂലമോ പ്രവൃത്തി പൂർത്തീകരി ക്കാൻ കഴിയാതെ വരികയാണെങ്കിൽ യഥാർത്ഥ പൂർത്തീകരണ കാലയളവിന്റെ 20%കൂടി പ്രവൃത്തി സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാരം സമയം ദീർഘിപ്പിച്ച് നൽകുന്നതിന് എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുമുമ്പായി കരാറുകാരൻ അപേക്ഷ നൽകേണ്ടതുണ്ട്. 20% ഗ്രേസ് പീരീഡിന് ശേഷമുള്ള പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ 3 മാസത്തേക്ക് പി.എ.സി.യുടെ 1%നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും പി.എ.സി.യുടെ 2%നിരക്കിലും പിഴ ഈടാക്കേണ്ടതാണ്.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീണ്ടുപോയിട്ടുണ്ടെങ്കിലും യാതൊരു തുകയും പിഴയായി ഈടാക്കിയിട്ടില്ല. മാത്രമല്ല പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടുന്നില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാതെ ചെയ്ത പ്രവൃത്തികൾ അനധികൃതമാണ്. എങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ആയതിന് ഈടാക്കേണ്ട നിയമാനുസൃതമായ പിഴ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽനിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | കല്ലുംകുളമ്പ് ബസ്സ് വെയ്റ്റിംഗ് ഷെഡ്ഡ് നിർമ്മാണം |
| പ്രൊജക്ട് നമ്പർ | S0114/15 |
| അടങ്കൽ | 150000(പ്ലാൻ ) |
| പി.എ.സി | 149972 |
| കരാറുകാരൻ | സി.കെ.ശ്രീകുമാർ |
| എം-ബുക്ക് | 543/14-15 |
| ബിൽ നമ്പർ/തീയതി | 2/15-16/29.7.15<br>3/15-16/29.7.15 |
| തുക | 150000 |
| എഗ്രിമെന്റ് | 10/14-15/AE/LSGD |
| പൂർത്തീകരിക്കേണ്ട തീയതി | 28.2.2015 |
| 20% ഗ്രേസ് പിരീഡ് | 28.3.15 |
| പൂർത്തീകരിച്ച തീയതി | 10.6.15 |

| | |
|---|---|
| ഈടാക്കേണ്ട പിഴ - | 29.3.15 മുതൽ 9.6.15 വരെ @ 1%<br><br>149972x1%x72/90 =1200/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ തുക ഈടാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു.

## 3-2 കുടിവെള്ള പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 4 കുടിവെള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

1) വടക്കേപ്പുഴ

2) വളയൽ

3) പുളിക്കൽപ്പറമ്പ്

4) മാത്തൂർ

ഈ പദ്ധതികൾ 2002-ൽ കേരള വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുള്ളതാണ്. ഇവയ്ക്ക് കീഴിൽ നിലവിൽ 743 കുടിവെള്ള കണക്ഷനുകളുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലൂടെ ഗ്രാമപഞ്ചാത്തിന് തൻവർഷം ലഭ്യമായ വരവ് 10,44,980 രൂപയും ചെലവ് 9,14,334 രൂപയുമാണ്. ഗാർഹിക കണക്ഷനുകൾക്ക് 100 രൂപയും ഗാർഹികേതര കണക്ഷനുകൾക്ക് 200 രൂപയുമായി നിലവിൽ വെള്ളക്കരം ഉയർത്തിയിട്ടുണ്ട്.

കേരള ജല അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ചെലവുകൾ ,മെയിന്റനൻസ് ചെലവുകൾ എന്നിവ ജി.ഒ.(എം.എസ്) 1275/2009ത.സ്വ.ഭ.വ 30-05-2009 ലെ ഉത്തരവിന് വിധേയമായി ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് നിർവ്വഹിക്കേണ്ടതാണെന്ന് 2012-13 മുതൽ 2014-15 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഇവ ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നതിനായി ഗുണഭോക്താക്കളുടെ യോഗങ്ങൾ 7.9.16,08.09.16,09.09.16 തീയതികളിൽ അതത് സ്ഥലത്ത് വച്ച് വിളിച്ച് ചേർത്തെങ്കിലും യോഗത്തിൽ ഗുണഭോക്തൃസമിതി രൂപീകരിക്കുന്നതിനോ പദ്ധതി ഏറ്റെടുക്കുന്നതിനോ ഗുണഭോക്താക്കളാരും തന്നെ തയ്യാറായില്ല.

ഇത് സംബന്ധിച്ച് 28-09-16 ൽ നടന്ന ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്തു. ഏകദേശം 5 കി.മീ.ചുറ്റളവിൽ 743 കുടിവെള്ള കണക്ഷനുകൾ ഈ കുടിവെള്ളപദ്ധതികൾക്ക് കീഴിൽ ഉള്ളതിനാലും വിസ്തൃതമായതും ഗുണഭോക്താക്കളുടെ എണ്ണം കൂടുതലും ആയതിനാലാണ് ഗുണഭോക്താക്കളാരും തന്നെ ഏറ്റെടുക്കാൻ തയ്യാറാകാത്തതെന്ന് അംഗങ്ങൾ വിശദീകരിച്ചത് യോഗം അംഗീകരിക്കുകയും കേരള ജല അതോറിറ്റി വണ്ടാഴി ഗ്രാമപഞ്ചായത്തിന് വേണ്ടി മംഗലം ഡാമിലെ ജലം ഉപയോഗിച്ച് 80 കോടി രൂപ ചെലവിൽ തുടക്കമിട്ട പദ്ധതി പൂർത്തീകരിക്കാനെടുക്കുന്ന 5 വർഷക്കാലം കൂടി മേൽ കുടിവെള്ളപദ്ധതികൾ തുടർന്നും നടത്തിക്കൊണ്ടു പോകുന്നതിനും യോഗം തീരുമാനിച്ചു. ആയതിനായി 15-10-2016 ലെ നം ബി-1 5284/2016 കത്തിലൂടെ ഗവൺമെന്റിലേക്ക് അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി ഇതു വരെ ലഭ്യമായിട്ടില്ല.

തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ

## അപാകതകൾ

1) പ്രോജക്ട് നം : 27/16 ( കൃഷി ഭവന് ഫോട്ടോകോപ്പിയർ വാങ്ങൽ )

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

അടങ്കൽ : 25000

ചെലവ് : 24750 (ട്രഷറി ബിൽ നം2/15-16 ;2-11-15 )

മേൽ പ്രോജക്ട് പ്രകാരം ഒരു ഫോട്ടോ കോപ്പിയർ മെഷീൻ ഷമീർ ഐഡിയാ സൊലൂഷൻസ് വടക്കഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.(ഡി.ഡി. നം 005042/2-11-15 ).ആകെ ലഭിച്ച 2 ടെണ്ടറുകളിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ ജി.ഒ.(പി) 259/2010 ത സ്വ ഭ വ 8-11-2010 പ്രകാരം മതിപ്പ് വില 25000 രൂപ മുതലുള്ള സാധനങ്ങൾ വാങ്ങുന്നതിന് ലിമിറ്റഡ് ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടത്. 8 മുതൽ 10 പേരിൽ നിന്നും ടെണ്ടർ ക്ഷണിക്കേണ്ടതും 4 മുതൽ 6 വരെയെങ്കിലും ടെണ്ടറുകൾ ഉറപ്പാക്കേണ്ടതും ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെയും സാന്നിധ്യത്തിൽ പരസ്യമായി തുറക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളും ലഭിക്കേണ്ട സാധനങ്ങളുടെ വിലയും മറ്റ് പ്രധാന വ്യവസ്ഥകളും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ഒരു പർച്ചേസ് ഓർഡർ പുറപ്പെടുവിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങൽ നടത്തുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

2) പ്രോജക്ട് നം : S O 205/15-16 (വീട്ടു വളപ്പിൽ ജൈവ പച്ചക്കറിക്കൃഷി )

ഫണ്ട് : വികസനഫണ്ട് -106500

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -33250

തനത് ഫണ്ട് -250

ചെലവ് : 1,40,000

മേൽ പ്രോജക്ടിനായി 1000 ഗുണഭോക്താക്കൾക്ക് വിവിധയിനം പച്ചക്കറി വിത്തുകൾ വി.എഫ്.പി.സി.കെ, ആലത്തുരിൽ നിന്നും വാങ്ങിച്ചു. 2016 മാർച്ച് 3- ◌ാം തീയതി പഞ്ചായത്ത് കല്യാണ മണ്ഡപത്തിൽ വച്ച് ഗുണഭോക്താക്കൾക്ക് ഏകദിന പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുകയും വിത്തുകൾ അന്നു തന്നെ വിതരണം ചെയ്യുകയും ചെയ്തു. എന്നാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോയെന്ന വിവരം ആരും മോണിറ്റർ ചെയ്തിട്ടില്ല. കടുത്ത വേനൽക്കാലത്തിന്റെ തുടക്കത്തിൽ തന്നെ ഇത്തരം പ്രവർത്തി കൾ നടപ്പിലാക്കേണ്ട സ്ഥിതി വിശേഷം ഉണ്ടാകുന്ന പക്ഷം പദ്ധതി യുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിൽ കൂടി ശ്രദ്ധിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

## 3-4 പാലിയേറ്റീവ് പരിചരണം- പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

പ്രോജക്ട് നം : 4/16 (പാലിയേറ്റീവ് പരിചരണം)

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

ഫണ്ട് : വികസന ഫണ്ട് - 400000

മറ്റുള്ളവ (ബ്ലോക്ക് ഷെയർ )- 500000

ചെലവ് : 398861( വികസനഫണ്ട് )

110985 (ബ്ലോക്ക് ഷെയർ )

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

പാലിയേറ്റീവ് പരിചരണം പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (ആർ.ടി)3217/15 തീയതി 29-10-15 പ്രകാരം ഹോംകെയർ ടീമിന്റെ വാഹന വാടകയ്ക്കായി പരമാവധി 1100 രൂപ മാത്രമാണ് ഉപയോഗിക്കാവുന്നത് . കൂടാതെ ഹോംകെയർ ടീമിന് പരമാവധി 3 അംഗങ്ങൾക്ക് 60 രൂപ നിരക്കിൽ 180 രൂപ മാത്രമാണ് ഭക്ഷണച്ചെലവിനായി അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ കൂടുതൽ തുക നൽകിയാണ് ജനുവരി 2016 വരെയും പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം 5/18-11-16) മെഡിക്കൽഓഫീസർ നൽകിയ മറുപടിയിൽ പുതുക്കിയ മാർഗ്ഗരേഖ ഇറക്കിയ സമയത്ത് തന്നെ ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. മാർഗ്ഗ രേഖയിലെ നിർദ്ദേശപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

2) പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾക്കായി വാഹന വാടകയിനത്തിൽ നല്കിയ എല്ലാ തുകയും ശ്രീ.നിഷാദ്,s/o കബീർ എന്ന വ്യക്തിക്കാണ് നൽകിയിരിക്കുന്നത്. ഇദ്ദേഹം നൽകിയ എല്ലാ ട്രിപ്പ് ഷീറ്റിലും KL-49-A-8788 എന്ന ടാറ്റാ സുമോയുടെ രജിസ്ട്രേഷൻ നമ്പറാണ് നൽകിയിരിക്കുന്നത്. എന്നാൽ ഈ വാഹനം 2015 വർഷം 8 ാം മാസം മുതൽ ശ്രീ.കബീറിന്റെ ഉടമസ്ഥതയിൽനിന്നും കൃഷ്ണൻകുട്ടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലേക്ക് മാറ്റിയിട്ടുള്ളതായി മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും മനസ്സിലാകുന്നു. ശ്രീ. നിഷാദ് തന്നെയാണ് എല്ലാ ട്രിപ്പും പോയതെന്നും ഇദ്ദേഹം നൽകിയ തെറ്റായ ട്രിപ്പ് ഷീറ്റ് പരിശോധിക്കാതെ ബിൽതുക നൽകിയതിലാനാണ് ഇപ്രകാരം സംഭവിച്ചതെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. തെറ്റായ ട്രിപ്പ് ഷീറ്റ് നൽകിയ ശ്രീ. നിഷാദിനെ തുടർന്നുള്ള വർഷങ്ങളിലെ ക്വട്ടേഷനിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. പൊതുപണം ധനകാര്യസൂക്ഷ്മതയോടെ ചെലവിടുന്നതിലേക്ക് നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

3) പാലിയേറ്റീവ് പരിചരണത്തിനായി ബ്ലോക്ക് ഷെയർ ആയി 500000 രൂപ ലഭ്യമായിട്ടും 110985 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. എന്നാൽ പാലിയേറ്റീവ് രോഗികളുടെ പുനരധിവാസപ്രവർത്തനങ്ങൾ, ബോധവത്കരണം, നഴ്സുമാരുടെ തുടർപരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കൊന്നും തന്നെ പ്രോജക്ടിൽ തുക വകയിരുത്തിയിട്ടില്ല. ലഭ്യമാകുന്ന ഫണ്ടുകൾ പരമാവധി ഉപയോഗിക്കുന്ന തരത്തിൽ പദ്ധതി രൂപീകരിക്കേണ്ടതും നടപ്പിലാക്കുകയും ചെയ്യേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-5 എസ്.എസ്.എൽ.സി,പ്ലസ്ടു ഉന്നത വിജയംനേടിയ വിദ്യാർത്ഥികൾക്ക് പാരിതോഷികം-പദ്ധതിക്കായി വികസനഫണ്ട്

## ഉപയോഗിക്കുന്നത് പ്രോത്സാഹനജനകമല്ല

പ്രോജക്ട് നം : 76/16 (എസ്.എസ്.എൽ.സി,പ്ലസ്ടു ഉന്നത വിജയംനേടിയ വിദ്യാർത്ഥികൾക്ക് പാരിതോഷികം)

നിർവ്വഹണോദ്യോഗസ്ഥൻ : എച്ച്.എം

ഫണ്ട് : വികസനഫണ്ട് (ജനറൽ)

അടങ്കൽ : 30,000

ചെലവ് : 28,000 (ബിൽ നം 1/15-16 ;20-10-15 )

മേൽ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 28,000 രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിലെ എസ്. എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് സ്വീകരണം നൽകൽ പാരിതോഷികവിതരണം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എൽ.പി,യു.പി സ്കൂളുകളുടെ നിയന്ത്രണചുമതല മാത്രമാണ് ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുള്ളതെന്നിരിക്കെ വികസനഫണ്ട് ഉപയോഗിച്ച് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് പ്രോത്സാഹനജനകമല്ല. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നം 47036/എഫ്.എം.2 /2011/ ത.സ്വ.ഭ.വ തീയതി 31-10-2011നിർദ്ദേശ പ്രകാരം ഇത്തരം പ്രവർത്തനങ്ങൾ പ്രോജക്ട് തയ്യാറാക്കി ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വികസനഫണ്ട് ഉപയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടില്ലാത്തതിനാൽ ഇത്തരം പ്രവർത്തനങ്ങൾ തനത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിർവ്വഹിക്കുന്നതാണ് ഉചിതമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-6 കേരള സ്റ്റോർ പർച്ചേസ് മാന്വലിലേയും പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ജി.ഒ.(പി) 3/2013 എസ്.പി.ഡി. 21-06-13 ലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ 8-11-2010 ലേയും നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിലെ വിവിധ വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം സമാഹരണ നടപടിക്രമങ്ങളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുന്നു.

1)വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യുക.

2) നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിൽ പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തുക.

3) ഓഫീസ് ഉപകരണം ഫർണീച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുക

4) വാങ്ങേണ്ട സാധനങ്ങളുടെ സങ്കീർണ്ണത, വില ,വിപണിലഭ്യത, എന്നിവ ആധാരമാക്കി ഉചിതമായ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുക.

കൂടാതെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ലെ ടെണ്ടർ ക്ഷണിക്കൽ,ഖണ്ഡിക.7.33-3 ൽ മത്സരാധിഷ്ഠിത വിലകൾ ലഭിക്കുന്ന രീതിയിൽ ഒരേ സാധനങ്ങൾ / ഒരേ തരത്തിൽപ്പെട്ട സാധനങ്ങൾ

ഒരു സാമ്പത്തിക വർഷം വാങ്ങുന്നതിന് ഒന്നിലധികം തവണ ടെണ്ടർ ക്ഷണിക്കരുത് എന്നും നിർദ്ദേശിക്കുന്നു.

ഈ നിർദ്ദേശങ്ങൾ പാലിക്കാതെ ഒരേ ഇനത്തിൽപ്പെട്ട സാധനങ്ങൾ വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കി വ്യത്യസ്ത ടെണ്ടറുകൾ സ്വീകരിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം., പേര്, അടങ്കൽ | ചെലവ് | വാങ്ങിയ സ്ഥാപനം | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം അവലംബിക്കാവുന്ന രീതി, ലഭ്യമാക്കേണ്ട ടെണ്ടറുകളുടെ എണ്ണം | ലഭ്യമാക്കിയ ടെണ്ടറുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 17/16,ഗ്രാമസേവാ കേന്ദ്രങ്ങൾക്ക് ഫർണീച്ചർ.100000 | 99960 (പ്ലാസ്റ്റിക് ചെയർ -238 എണ്ണം) വൗച്ചർ നം 21501314/29-02-16 | സാലി അസോസിയേറ്റ്സ്, മംഗലം | ഓപ്പൺ ടെണ്ടറിംഗ്, വ്യാപകമായ പത്രപ്പരസ്യം നൽകി കിട്ടാവുന്നത്ര ടെണ്ടറുകൾ ലഭ്യമാക്കൽ | 2 |
| 2 | സ്പിൽ ഓവർ പ്രോജക്ട് നം.- 177/16 ഗ്രാമസേവാ കേന്ദ്രങ്ങൾക്ക് ഫർണീച്ചർ,71550 | 71550 (18 സ്റ്റീൽടേബിൾ, ചെയർ) ബിൽനം 19/15-16/ 14-09-15 | അരുൺ ഇൻഡസ്ട്രീസ്, കണ്ണമ്പ്ര. | ലിമിറ്റഡ് ടെണ്ടറിംഗ്, 8 മുതൽ 1 0 പേരിൽ നിന്ന് 4 മുതൽ 6 വരെ ടെണ്ടർ സ്വീകരിക്കണം | 2 |
| 3 | നം 89/16 പഞ്ചായത്ത് ഓഫീസിലേക്ക് റാക്കുകൾ, കസേര, മേശ എന്നിവ വാങ്ങൽ, 205000 | 204750 | ദാസ് ഏജൻസീസ്, വടക്കഞ്ചേരി | ഓപ്പൺ ടെണ്ടറിംഗ്, വ്യാപകമായ പത്രപ്പരസ്യം നൽകി കിട്ടാവുന്നത്ര ടെണ്ടറുകൾ ലഭ്യമാക്കൽ | 2 |

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങൽ നടപടികൾ നടത്തുന്നതിനും പൊതുപണം ഉപയോഗിക്കുന്നതിലെ ധനകാര്യസൂക്ഷ്മത പാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2041 | 15300 | 15300 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2025 | 10760 | 10760 |
| KSEB | തെരുവുവിളക്ക് ലൈൻ വലിക്കൽ | 17/15-16 | 399960 | 399960 |

എന്നാൽ നാളിതു വരെ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 745860 | നെൽകൃഷിക്ക് പ്രാരംഭ ചെലവിന് ധനസഹായം നം 25/16, 199/16 | 745860 | 0 |
| ജില്ലാ പഞ്ചായത്ത് 675 | 675000 | നെൽകൃഷിക്ക് പ്രാരംഭ ചെലവിന് ധനസഹായം നം 25/16, 199/16 | 675000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | പാലിയേറ്റീവ് കെയർ നം 4/16 | 500000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2041 | 15300 | 15300 | - | - |

| | | | | | | |
|---|---|---|---|---|---|---|
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2025 | 10760 | 10760 | - | - |
| KSEB | തെരുവുവിളക്ക് ലൈൻ വലിക്കൽ | 17/15-16 | 399960 | 399960 | - | - |
| KSEB | അങ്കണവാടി വൈദ്യുതീകരണം | 4/15-16 | 26400 | 26400 | പൂർത്തീകരിച്ചു | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 (ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്സ് ലോൺ | സ.ഉ.സാധാ.647/10ത.സ്വ.ഭ.വ തിരു. 25.2.2010 | | | 1889795 | 0 | -- |

## 4-4 .(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 301000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 301000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ------ |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 301000 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| Palakkad mall Hydro Co.ltd Equity share | 100000 | - |
| Malabar Co.op Spinning Mill Malappuram | 1000 | - |

| | | |
|---|---|---|
| Palakkad mall Hydro Co.ltd<br>Equity share | 20000 | - |
| ആകെ | 301000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 21628/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക നം | ഈടാക്കിയ തുക | തുക ഒടുക്കിയ ആളിന്റെ പേര് | രസീത് /തീയതി |
|---|---|---|---|---|---|
| 1 | 1999-00 | 2-1 | 98 | ജി.രാധാമണി | 11507102166/ 23.9.2015 |
| 2 | 2011-12 | 2-3 | 16220 | സെന്റ്. സേവിയേഴ്സ് സെൻട്രൽ സ്കൂൾ മംഗലംഡാം | 11507103716/ 13.01.2016 |
| 3 | 2011-12 | 2-3 | 600 | സി. ജി .സുശീല<br>എം.എം.ഫിലിപ്പ്<br>ഒലിംകടവ് പോസ്റ്റ് ഓഫീസ് | 11507103808/ 20.01.2016 |
| 4 | 2011-12 | 2-3 | 600 | സബ്ബ്പോസ്റ്റ് ഓഫീസ് മംഗലംഡാം | 11507103823/ 20.01.2016 |
| 5 | 2011-12 | 2-3 | 360 | സന്തോഷ് വടക്കേമുറി ക്ഷീരോൽപ്പാദക സഹ. സംഘം. | 11507103911/ 28.01.2016 |
| 6 | 2011-12 | 2-3 | 3750 | മാനേജർ ഇസാഫ് , മുടപ്പല്ലൂർ | 11507104500/ 27.02.2016 |
| | | ആകെ | 21628 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി | വാർഷിക കണക്ക് | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് | ചാർട്ടേഡ് അക്കൗണ്ടന്റ് |
|---|---|---|---|---|---|---|

| | | രൂപീകരിച്ച വർഷം / തീയ്യതി | ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | | പുറപ്പെടുവിച്ച വിവരം | ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം |
|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | PHC വണ്ടാഴി | 4.5.16 | - | - | - | - | - |
| 2 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, വണ്ടാഴി | 21.5.2002 | 2014 | 15-8-14 | 31-8-14 വരെയുള്ള കണക്കുകൾ ഓഡിറ്റിന് നല്കി യിട്ടുണ്ട്. 15-8-14 | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ല. | ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്തിട്ടില്ല. |

ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76931383 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64969979 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1200 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല. | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക | നഷ്ടമായ | ഉത്തരവാദിയായ ആളുടെ |
|---|---|---|

| | | |
|---|---|---|
| നമ്പർ | തുക | പേരും ഉദ്യോഗപ്പേരും |
| | ഇല്ല. | |

<u>സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല. | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1200 | അസി.എഞ്ചിനീയർ |

<u>സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം</u>

ഇല്ല.

<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം</u>

<u>മേൽവിലാസങ്ങൾ</u>

ഇല്ല

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# <u>1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം. കെ.എസ്.എ-പികെഡി118/2292/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -28-12-2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. വിവിധ സ്ഥാവര ജംഗമ ആസ്തികളുടെ മൂല്യവും കൊടുത്തു തീർക്കാനുള്ള തുകകളുടെ വിവരങ്ങളും ചേർത്ത് ആസ്തി ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD18/2292/16

Kerala State Audit Department

District Audit Office

Palakkad

Date 28.12.2016

## Audit Certificate

Certified that I have audited the Annual Financial Statement of Vandazhi Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vandazhi Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset value not ascertained and linked with SankhyaSoftware.

Deputy Director